# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 മെയ് 8**

---

## എം.ജി സർവകലാശാലയിൽ എംഎസ്സി കമ്പ്യൂട്ടർ സയൻസ്; അപേക്ഷിക്കാം

*മഹാത്മാ ഗാന്ധി സർവകലാശാലാ കാമ്പസിലെ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ എംഎസ്സി കമ്പ്യൂട്ടർ സയൻസ് പ്രോഗ്രാമിന് ഇപ്പോൾ അപേക്ഷിക്കാം. കമ്പ്യൂട്ടർ സയൻസ് പ്രധാന വിഷയമായി 50 ശതമാനത്തിൽ കുറയാത്ത മാർക്കോടെ ബിരുദം നേടിയവരെയാണ് പരിഗണിക്കുന്നത്.*

*ഹൈ പെർഫോമൻസ് കമ്പ്യൂട്ടിംഗ് ലാബ് സൗകര്യം, ഉയർന്ന പ്ലേസ്മെന്റ് സാധ്യത, മികച്ച ലൈബ്രറി, സ്മാർട്ട് ക്ലാസ് റൂമുകൾ തുടങ്ങിയവ പ്രോഗ്രാമിന്റെ പ്രത്യേകതകളാണ്.*

*കാലോചിതമായ പാഠ്യപദ്ധതി, മിതമായ ഫീസ് നിരക്ക്, ഗവേഷണത്തിനുള്ള പിന്തുണ, അക്കാദമിക് ഗ്രാൻറുകളും സ്കോളർഷിപ്പുകളും, സ്വയം മൾട്ടിമീഡിയ ലാബ് എന്നിവയും ഏൺ വൈൽ യു ലേൺ പരിപാടിയിൽ ഇന്റേൺഷിപ്പ് അവസരങ്ങളുമുണ്ട്.*

cat.mgu.ac.in *വഴി മെയ് 20വരെ അപേക്ഷിക്കാം. വെബ്സൈറ്റ്* www.socs.mgu.ac.in, *ഇമെയിൽ:* socs@mgu.ac.in. ***ഫോൺ-0481 2733364***

***(പി.ആർ.ഒ/39/1536/2025)***

## പിഎച്ച്ഡി കോഴ്സ് വർക്ക്; ഡിജിറ്റൽ ലിറ്ററസി ക്ലാസുകൾ

*മഹാത്മാ ഗാന്ധി സർവകലാശാലയിൽ വിവിധ വിഷയങ്ങളിൽ നടത്തുന്ന പിഎച്ച്ഡി കോഴ്സ് വർക്കിന്റെ ഭാഗമായ ഡിജിറ്റൽ ലിറ്ററസി പേപ്പറിന്റെ ഓഫ് ലൈൻ ക്ലാസ്സുകൾ മെയ് 19 മുതൽ 23 വരെ രണ്ടു ബാച്ചുകളായി സർവകലാശാലാ ലൈബ്രറിയിൽ നടത്തും.*

*സർവകലാശാലയുടെ എല്ലാ ഗവേഷണ കേന്ദ്രങ്ങളിലെയും 2024 അഡ്മിഷൻ ബാച്ചിലുള്ള ഗവേഷണ വിദ്യാർഥികൾക്ക് പങ്കെടുക്കാം. രാവിലെ 10 മുതൽ*

*വൈകുന്നേരം അഞ്ചുവരെയാണ് ക്ലാസുകൾ. മെയ് 17 വൈകുന്നേരം അഞ്ചുവരെ രജിസ്റ്റർ ചെയ്യാം. ഓൺലൈൻ രജിസ്ട്രേഷൻ ലിങ്ക് വെബ്സൈന്നിൽ(*https://library.mgu.ac.in/*). ഫോൺ :9495161509, 9037758306,8289896323*

*(പി.ആർ.ഒ/39/1537/2025)*

## ഡ്രോൺ അധിഷ്ഠിത മൾട്ടിസ്പെക്ട്രൽ-ലിഡാർ ഡാറ്റ പ്രോസസിംഗ് ശിൽപ്പശാല

*മഹാത്മാഗാന്ധി സർവകലാശാലയിലെ ഡോ. ആർ. സതീഷ് സെൻറർ ഫോർ റിമോട്ട് സെൻസിംഗ് ആൻഡ് ജിഐഎസ് ഏഷ്യ സോഫ്ന് ലാബുമായി (ആർപിടിഒ) സഹകരിച്ച് സംഘടിപ്പിക്കുന്ന ഡ്രോൺ അധിഷ്ഠിത മൾട്ടിസ്പെക്ട്രൽ/ലിഡാർ ഡാന്ദ പ്രോസസിംഗിനെക്കുറിച്ചുള്ള ത്രിദിന ശിൽപ്പശാല മെയ് 22ന് ആരംഭിക്കും.*

*സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ നടക്കുന്ന ശിൽപ്പശാലയിൽ ഡ്രോൺ ഉപയോഗിച്ചുള്ള മൾട്ടിസ്പെക്ട്രൽ- ലിഡാർ സെൻസർ ഡാന്ദാ കളക്ഷൻ, ഡാന്ദ പ്രോസസിംഗ് എന്നിവയും കൃഷി, പരിസ്ഥിതി ശാസ്ത്രം, ഭൂമിശാസ്ത്രം അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ മേഖലകളിൽ ഡ്രോണുകളുടെ ഉപയോഗവും സംബന്ധിച്ച് പരിശീലനം നൽകും. വിവിധ തരം ഡ്രോണുകളെക്കുറിച്ച് മനസിലാക്കുന്നതിനുള്ള അവസരവുമുണ്ടാകും.*

*മെയ് 19ന് രാത്രി 10 വരെ രജിസ്റ്റർ ചെയ്യാം. ഫോൺ– 9446767451 ,8943906256. വെബ് സൈന്ദ്–*https://ses.mgu.ac.in/

*(പി.ആർ.ഒ/39/1538/2025)*

## അപ്രീസിയേഷൻ പ്രോഗ്രാമുകൾക്ക് അപേക്ഷിക്കാം

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ്(ഡാസ്പ്) നടത്തുന്ന ഹ്രസ്വകാല അപ്രീസിയേഷൻ പ്രോഗ്രാമുകളിലേക്ക് ഇപ്പോൾ അപേക്ഷിക്കാം.*

*മാസ്റ്ററിംഗ് ഇന്ത്യൻ സ്റ്റോക്ക് മാർക്കന്ദ്, പൈതൺ ജാംഗോ വെബ് ഡവലപ്മെന്റ്, ഡിജിന്ദൽ ആന്റ് സോഷ്യൽ മീഡിയ മാർക്കന്ദിംഗ്, അക്കൗണ്ടിംഗ് യൂസിംഗ് ടാലി പ്രൈം എന്നിവയാണ് പ്രോഗ്രാമുകൾ. അപേക്ഷിക്കുന്നതിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ലിങ്ക് –* https://forms.gle/BuociDvNei1CPqpy6

*ഫോൺ– 8078786798, 0481 2733292. ഇമെയിൽ:*dasp@mgu.ac.in

*(പി.ആർ.ഒ/39/1539/2025)*

## അൽഷിമേഴ്സ് രോഗികളുടെ പരിചരണത്തിൽ സർട്ടിഫിക്കറ്റ് കോഴ്സ്

*മറവി രോഗം ബാധിച്ചവരെയും മുതിർന്നവരെയും പരിചരിക്കുന്നതിന് പരിശീലനം നൽകുന്ന ആറു മാസത്തെ കോഴ്സിലേക്ക് ഇപ്പോൾ അപേക്ഷിക്കാം. മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസും(ഐയുസിഡിഎസ്) ഡിമെൻഷ്യ കെയർ പാലായും സംയുക്തമായി നടത്തുന്ന കോഴ്സിൽ പ്ലസ് ടു അല്ലെങ്കിൽ പ്രീഡിഗ്രി യോഗ്യതയുള്ളവർക്ക് ചേരാം.*

*ഞായറാഴ്ച്ചകളിലും പൊതു അവധി ദിവസങ്ങളിലുമാണ് ക്ലാസ് നടത്തുക. തിയറി ക്ലാസുകൾ ഐയുസിഡിഎസിലും പ്രായോഗിക പരിശീലനം വിവിധ കേന്ദ്രങ്ങളിലുമായിരിക്കും. വിവിധ ചികിത്സാ രീതികൾ സമന്വയിപ്പിച്ചു നടത്തുന്ന പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ* incdsmgu@mgu.ac.in *എന്ന ഇമെയിൽ വിലാസത്തിൽ രജിസ്റ്റർ ചെയ്യണം. ഫോൺ-9447226779, 9288757184.*

*ഒരു ബാച്ചിൽ 30 പേർക്കാണ് പ്രവേശനം. സർട്ടിഫിക്കറ്റ് കോഴ്സ് വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് ഡിമെൻഷ്യ കെയർ ഡിപ്ലോമ കോഴ്സിൽ ചേരാവുന്നതാണ്.*

*(പി.ആർ.ഒ/39/1540/2025)*

## സിവിൽ സർവീസ് പരീക്ഷാ പരിശീലനം; 20 വരെ അപേക്ഷിക്കാം

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ ജൂണിൽ ആരംഭിക്കുന്ന സിവിൽ സർവീസ് പരീക്ഷാ പരിശീലനത്തിന്റെ ഓൺലൈൻ ബാച്ചിലേക്കുള്ള അപേക്ഷകൾ മെയ് 20 വരെ സ്വീകരിക്കും. ഫോൺ-9188374553*

*(പി.ആർ.ഒ/39/1541/2025)*

## പരീക്ഷാ ഫലം

*ഒന്നാം സെമസ്റ്റർ എംഎ പൊളിറ്റിക്കൽ സയൻസ് (പിജിസിഎസ്എസ് 2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഡിസംബർ 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും മെയ് 23 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

...................................

*ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ ആൻഡ് സ്പോർട്സ് ദ്വിവത്സര പ്രോഗ്രാം (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റും സപ്ലിമെന്ററിയും 2021, 2022 അഡ്മിഷനുകൾ സപ്ലിമെന്ററി നവംബർ 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും മെയ് 22 വരെ നിശ്ചിത ഫീസ് അടച്ച് പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.*

*(പി.ആർ.ഒ/39/1542/2025)*

**<u>പ്രാക്ടിക്കൽ</u>**

*നാലാം സെമസ്റ്റർ (സിബിസിഎസ് പുതിയ സ്കീം 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്) പരീക്ഷയുടെ ബിഎ വയലിൻ പ്രാക്ടിക്കൽ പരീക്ഷകൾ യഥാക്രമം മെയ് 12,13,14 തീയതികളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1543/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**